"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-കോട്ടയം ജില്ലാപഞ്ചായത്ത് -വൈക്കം താലൂക്കാശുപത്രിയിൽ മാമ്മോഗ്രാം മെഷീൻ സ്ഥാപിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt) No.508/2022/LSGD തീയതി,തിരുവനന്തപുരം, 04-03-2022

---

പരാമർശം:-

1. കോട്ടയം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 02/11/2021-ലെ കത്ത്
2. കോട്ടയം ജില്ലാപഞ്ചായത്ത് ഭരണസമിതിയുടെ 30/09/2021-ലെ 5-ാം നമ്പർ തീരുമാനം
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർ ഡിനേഷൻ കമ്മിറ്റിയുടെ 18/12/2021-ലെ 4.72നമ്പർ യോഗ തീരുമാനം.

**ഉത്തരവ്**

വൈക്കം താലൂക്കാശുപത്രിയിൽ മാമ്മോഗ്രാം മെഷീൻ സ്ഥാപിയ്ക്കുന്നതിന് അനുമതി നൽ കണമെന്ന കോട്ടയം ജില്ലാപഞ്ചായത്തിന്റെ പരാമർശം (1) പ്രകാരമുള്ള അപേക്ഷ പരിഗണിച്ച് പരാമർശം (2) പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 18/12/2021-ലെ 4.72 നമ്പർ യോഗ തീരുമാനം കൈക്കൊണ്ടിരുന്നു.

2. പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ സൗകര്യമുള്ള മറ്റ് സർക്കാർ ആശുപത്രികൾ വൈക്കം മേഖലയിൽ ഇല്ലാത്തതിനാൽ വൈക്കം താലൂക്കാശുപത്രിയിൽ ഒരു മാമ്മോഗ്രാം മെഷീൻ സ്ഥാപിയ്ക്കുന്നതിന് പ്രത്യേക അനുമതി നൽകി കൊണ്ടും ഇതിന്റെ പ്രവർത്തനത്തിന് റേഡിയോളജിസ്റ്റിനെ നിയമിക്കുമ്പോഴുള്ള ചെലവടക്കമുള്ള കാര്യങ്ങൾ എച്ച്.എം.സി തന്നെ വഹിക്കണമെന്ന് നിഷ്കർഷിച്ചു കൊണ്ടും ഉത്തരവ്ാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REJI RAJENDRAN
DEPUTY SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോട്ടയം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ വിംഗ്, ഐ&പി.ആർ.ഡി

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Reenamma P A

Date: 04-03-2022 15:57:03

സെക്ഷൻ ഓഫീസർ